ഡയറി വിതരണത്തിൽ ക്രമക്കേട് കാണിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ വിശദമായ അന്വേഷണം നടത്തുന്നതാണ്.

23 (315) ഓഡിറ്റ് കമ്മിഷൻ രൂപീകരണം

ശ്രീ. കെ. അച്ചുതൻ :

ശ്രീ.കെ.കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മിഷൻ രൂപീകരണത്തിന് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു വിധത്തിലുള്ള ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആക്ട് ഭേദഗതി സംബന്ധിച്ച് അധികാര വികേന്ദ്രീകരണ സമിതി ശുപാർശ എന്തെങ്കിലും നേരത്തെ ഗവൺമെന്റിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അത് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ സമിതിയോട് സർക്കാർ ആവശ്യപ്പെട്ടത് എന്നാണ്; എന്നത്തേക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ഇ) പ്രസ്തുത ശുപാർശ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഓഡിറ്റ് കമ്മിഷൻ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി),(ഡി),(ഇ)&(എഫ്)- 1214 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യാൻ വേണ്ടി ഉദ്ദേശിച്ചുക്കൊണ്ടുള്ളതാണ് സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ. ഈ ആവശ്യത്തിനുവേണ്ടി 1994 ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടി വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശ ലഭിച്ചു കഴിഞ്ഞ ശേഷം, ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

24 (316) മദ്യവർജ്ജനം

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. പാലോട് രവി

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വർജ്ജനത്തെ അനുകൂലിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly